LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ പരിശീലന സഹായ പദ്ധതി :

നായർ	...	344
റോമൻ കത്തോലിക്കർ	...	116
ബ്രാഹ്മണർ	...	11
യാക്കോബായ	...	24
നമ്പ്യാർ	...	11
മറ്റുള്ളവർ	...	42

ബാങ്ക്/പി.എസ്.സി/യു.പി.എസ്.സി പരീക്ഷ പരിശീലന സഹായ പദ്ധതി:

നായർ	...	398
റോമൻ കത്തോലിക്കർ	...	65
ബ്രാഹ്മണർ	...	9
യാക്കോബായ	...	11
മാർത്തോമ	...	13
ഓർത്തഡോക്സ്	...	12
മറ്റുള്ളവർ	...	24

(ഇ) സാമ്പത്തികമായ പിന്നോക്കാവസ്ഥയുടെ അടിസ്ഥാനത്തിലാണ് മുന്നോക്ക വിഭാഗങ്ങളിലെ പിന്നോക്കക്കാരെ നിശ്ചയിച്ചിട്ടുള്ളത്. നിലവിൽ 2 ലക്ഷം രൂപവരെ കുടുംബ വാർഷിക വരുമാനമുള്ളവരെയാണ് കേരള സംസ്ഥാന മുന്നോക്കസമുദായക്ഷേമ കോർപ്പറേഷന്റെ പദ്ധതിയുടെ ഗുണഭോക്താക്കളായി നിശ്ചയിച്ചിട്ടുള്ളത്.

മുൻകൂർ അനുമതിയില്ലാതെ വിദേശരാജ്യങ്ങൾ സന്ദർശനം

19 (3650) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാർക്ക് സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ഏതെല്ലാം വിദേശരാജ്യങ്ങൾ സന്ദർശിക്കാമെന്ന് വിശദമാക്കാമോ ;

(ബി) ഏതെല്ലാം ആവശ്യങ്ങൾക്കാണ് പ്രസ്തുത രാജ്യങ്ങൾ സന്ദർശിക്കുന്നതിന് മുൻകൂർ അനുമതി ആവശ്യമില്ലാത്തതെന്ന് വ്യക്തമാക്കാമോ ;

(സി) ഇത്തരം രാജ്യങ്ങൾ സന്ദർശിക്കുന്നതിന് എത്ര ദിവസമാണ് അവധി ലഭിക്കുകയെന്നും ഇതിൽ കൂടുതൽ അവധി അനുവദിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ടെന്നും വിശദമാക്കാമോ ?

ഉത്തരം

(എ-സി) സംസ്ഥാന ജീവനക്കാർക്ക് വിദേശരാജ്യങ്ങൾ സന്ദർശിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്.

സർക്കാർ ആഫീസുകളിലെ കരാർ നിയമനം

20 (3651) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ കരാർ-ദിവസക്കൂലിക്കാരെ സർക്കാർ ആഫീസുകളിൽ നിയമിക്കുന്നത് ഒഴിവാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ ?

ഉത്തരം

ഇല്ല.

കാസർഗോഡ്, മഞ്ചേശ്വരം താലൂക്കുകളിൽ വിവിധ വകുപ്പുകളിലായി ഒഴിവുള്ള തസ്തികകൾ

21 (3652) ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് സിവിൽസ്റ്റേഷനിൽ ഏതെല്ലാം വകുപ്പുകളിൽ വിവിധ തസ്തികകളിലായി എത്ര ഒഴിവുകൾ ഉണ്ടെന്ന് വിശദമായ കണക്കുകൾ സഹിതം വ്യക്തമാക്കാമോ ;

(ബി) കാസർഗോഡ്, മഞ്ചേശ്വരം താലൂക്കുകളിൽ ഏതൊക്കെ തസ്തികകളിലായി എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly